കെ.എ ഫൈസൽ

# 'ആത്മീയത കച്ചവടമല്ല; വിമോചനമാണ്' ഹൃദ്യമായ സംവാദം

**'ആത്മീയത** കച്ചവടമല്ല; വിമോചനമാണ്' എന്ന മുദ്രാവാക്യമുയർത്തി നവംബർ 10 മുതൽ 30 വരെ സോളിഡാരിറ്റി സംഘടിപ്പിക്കുന്ന കാമ്പയിന്റെ ഭാഗമായി ഒക്ടോബർ 28-ന് എറണാകുളത്ത് നടന്ന പ്രമുഖരുടെ ഒത്തുചേരൽ ഹൃദ്യവും ശ്രദ്ധേയവുമായി. സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ പ്രാരംഭം നിർവഹിച്ചു. ആത്മീയ അഭിനിവേശം ഇന്ന് വിപണിയിലെ ഏറ്റവും നല്ല കച്ചവടച്ചരക്കായി മാറിയിരിക്കുകയാണ്. ഇത് ചൂഷണം ചെയ്യുന്ന ആൾദൈവങ്ങളും ആത്മീയ കേന്ദ്രങ്ങളും കേരളത്തിൽ കൂണുകൾ പോലെ മുളച്ചുപൊന്തുന്നു. ഈ പ്രവണത സാമൂഹികബാധ്യതകൾ നിറവേറ്റുന്നതിനെ തടസ്സപ്പെടുത്തുകയും അരാഷ്ട്രീയവത്കരണം ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കപട ആത്മീയതയെ തുറന്നുകാണിക്കുകയും സാധ്യമായ പ്രതിരോധത്തിന് ശ്രമിക്കുകയുമാണ് സോളിഡാരിറ്റി.

*മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ അധ്യക്ഷത വഹിച്ചു. ആത്മീയത എന്താണ് എന്ന കാര്യത്തിൽ കേരളത്തിൽ വ്യത്യസ്ത വീക്ഷണഗതിക്കാരുണ്ട്. ആത്മാവ് ഇല്ല എന്ന് വിശ്വസിക്കുന്നവരുണ്ട്. ആത്മാവിനെ അംഗീകരിക്കുന്ന മതസമൂഹങ്ങൾ പോലും ആത്മീയതയുടെ കാര്യത്തിൽ ഭിന്ന വീക്ഷണങ്ങൾ പുലർത്തുന്നവരാണ്. എന്നാൽ മനുഷ്യനിൽ ആത്മീയത ആവശ്യമാണ് എന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നു. മതാതീതമായ ആത്മീയത എന്ന പ്രയോഗം പോലും ഇന്ന് കേരളത്തിൽ പ്രചാരമുള്ളതാണ്. ആത്മീയത കച്ചവടവത്കരിക്കപ്പെടുന്നുവെന്നുള്ളതാണ് ഇന്നത്തെ പ്രശ്നം. രാഷ്ട്രീയ നേതാക്കളും ബുദ്ധിജീവികളും ശാസ്ത്രജ്ഞന്മാർ വരെയും ഇതിന്റെ ഇരകളാവുന്നതാണ് ഏറെ ആശ്ചര്യകരം. കച്ചവടവത്കരിക്കപ്പെടുന്ന ആത്മീയത അക്കൗണ്ടും ഓഡിറ്റിംഗും ബാധകമല്ലാത്ത രീതിയിൽ വലിയ സാമ്രാജ്യങ്ങൾ വളർത്തിക്കൊണ്ടിരിക്കുകയാണ്.

ലോകം ഇന്ന് കപട ആത്മീയതയുടെ സൂപ്പർ ബസാറായി മാറിയിരിക്കുകയാണെന്ന് ഡോ. എൻ.എ കരീം അഭിപ്രായപ്പെട്ടു. അസാന്മാർഗികമായി പണം സമ്പാദിക്കുന്നവർക്ക് യഥാർഥ ദൈവത്തെ പ്രാപിക്കാൻ കഴിയാറില്ല. അവർ ആൾദൈവങ്ങളുടെ ഭക്തന്മാരാവുകയാണ് പതിവ്. ആൾദൈവങ്ങൾ അവർക്ക് പ്രോത്സാഹനം നൽകുന്നു. ഉള്ള സമ്പത്ത് നഷ്ടപ്പെടാതിരിക്കാനുള്ള മാർഗമായിട്ടും ചിലർ ഈ കേന്ദ്രങ്ങളെ പ്രാപിക്കുന്നു. ആഗോളീകരണം ഉയർത്തിക്കൊണ്ടുവന്ന വ്യക്തിവാദ (individualism) പ്രവണതകൾ ഇതിനു പ്രധാന കാരണമാണ്. മതത്തിന്റെ ഏറ്റവും വലിയ നൈസർഗികതയായ വിമോചന മൂല്യത്തെ കപട ആത്മീയത അവഗണിക്കുകയാണ് ചെയ്യുന്നത്. പ്രത്യക്ഷത്തിൽ പലർക്കും മനസ്സിലാക്കാൻ കഴിയാത്ത വിഷയമാണ് ഇത്. തൊട്ടാൽ പൊള്ളുന്നതായതിനാൽ തീ പിടിക്കാതെ സൂക്ഷിക്കണം.

ആൾദൈവങ്ങൾ അവരുടെ താൽപര്യങ്ങൾക്കായി യഥാർഥ മതമൂല്യങ്ങളെതന്നെ തിരുത്തുകയാണ് ചെയ്യുന്നതെന്ന് ബാലചന്ദ്രൻ വടക്കേടത്ത് അഭിപ്രായപ്പെട്ടു. കപട ആത്മീയതയുടെ ആൾദൈവങ്ങൾക്ക് പൗരുഷമല്ല; സ്ത്രൈണതയാണുള്ളത്. സാമൂഹിക പ്രവർത്തനത്തിലാണ് ആത്മീയതയുടെ അംശമുള്ളത്. പൊതുസമൂഹത്തെ കാണാൻ കഴിയാത്ത കപട ആത്മീയത അപകടകരമാണ്. ആഗോളവത്കരണമാണ് ഇതിന് കാരണമെന്ന് കരുതുന്നത് പൂർണമായും ശരിയല്ല. കേരളത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി നടന്നുവരുന്ന രാഷ്ട്രീയ പ്രവർത്തനം മുഖ്യ കാരണം തന്നെയാണ്. ഇടതുപക്ഷ പ്രവർത്തനം വളരെ ശക്തമായ കേരളത്തിൽ എന്തുകൊണ്ട് ആൾദൈവങ്ങൾ കൂടിയെന്ന് പരിശോധിക്കേണ്ടതുണ്ട്.

അന്ധകാരത്തിൽനിന്ന് വെളിച്ചത്തിലേക്കും അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുമുള്ള വിമോചനമാണ് യഥാർഥ ആത്മീയതയെന്ന് ഫാ. അബ്രഹാം ജോസഫ് അഭിപ്രായപ്പെട്ടു. താളം തെറ്റിയ ജീവിതരീതിയുടെ ഫലമായി ഇന്ന് രോഗികളുടെ എണ്ണം കൂടിവരികയാണ്. ഇവരിൽ മഹാഭൂരിഭാഗവും മാനസികരോഗങ്ങൾക്ക് അടിപ്പെട്ടവരാണ്. ഈ സ്ഥിതിവിശേഷമാണ് ആൾദൈവങ്ങളുടെ വളർച്ചക്കിടയാക്കിയത്. യേശു ദേവാലയത്തിൽ ചെന്നപ്പോൾ അവിടെ കണ്ട കച്ചവടവസ്തുക്കൾ പുറത്തെറിയുകയാണ് ചെയ്തത്. എന്നാൽ യേശുവിന്റെ ശിഷ്യർ ഇന്ന് അദ്ദേഹം പുറത്തെറിഞ്ഞതെല്ലാം അകത്തുകയറ്റാൻ മത്സരിക്കുകയാണ്. ദുഃഖങ്ങളെ സ്നേഹമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ലെങ്കിൽ കപട ആത്മീയത ശക്തിപ്പെടുകതന്നെ ചെയ്യും.

മനുഷ്യർക്ക് വേണ്ടിയുള്ള പ്രവർത്തനമാണ് ഇന്നത്തെ ലോകത്തിന്റെ വലിയ ആവശ്യമെന്ന് സി.ആർ നീലകണ്ഠൻ പറഞ്ഞു. യേശുവും ഭഗത്സിംഗും നിർവഹിച്ചത് ഈ ദൗത്യമാ

ണ്. യേശുവിനെ കുരിശിലേറ്റുന്നതിനും ഭഗതിനെ തൂക്കിക്കൊല്ലുന്നതിനും കാരണമായത് ഈ പ്രവർത്തനരീതിയാണ്. ആൾദൈവങ്ങൾ ഉയർത്തിപ്പിടിക്കുന്ന സംസ്കാരത്തെ ആത്മീയതയെന്ന് വിളിക്കാനാവില്ല. അത് ശുദ്ധ ഭൗതികതയാണ്. ഒരാളും റോഡ് നന്നാവണമേയെന്നും നാട് രക്ഷപ്പെടേണമേയെന്നും ആൾദൈവങ്ങളോട് പ്രാർഥിക്കാറില്ല. എനിക്ക് കാറ് നൽകേണമേയെന്നും നല്ല വീട് ലഭിക്കേണമേയെന്നുമാണ് പ്രാർഥിക്കാറുള്ളത്. അമ്മമാർ മാർക്കറ്റ് ചെയ്യപ്പെടുന്ന ഒരു കാലമാണ് ഇത്. സ്വന്തം മാതാവിനോട് ഉത്തരവാദിത്വം നിർവഹിക്കാത്തവരാണ് മറ്റു ചിലരിൽ അമ്മയെ കണ്ടെത്തുന്നത്. യഥാർഥ അമ്മമാർ വഴിയാധാരമാവുന്ന പ്രവണത ശക്തിപ്പെട്ടുവരികയാണ്. ആൾദൈവങ്ങൾ കേരളത്തിൽ ശക്തിപ്രാപിക്കുന്നതോടൊപ്പം പല സാമൂഹിക കൂട്ടായ്മകളും തകരുകയുണ്ടായി. ആത്മീയതക്ക് മാത്രമേ മുതലാളിത്തത്തെ പിടിച്ചുനിർത്താനാവുകയുള്ളൂ. വിമോചനമെന്നത് വെറുതെ പ്രസംഗിച്ചിട്ടു കാര്യമില്ല. സ്വന്തം അനുഭവത്തിലൂടെ പ്രയോഗവത്കരിക്കുകയാണ് വേണ്ടത്.

ഒരു വശത്ത് ഭീകരമായ കച്ചവടമായും വ്യക്തിതലത്തിൽ കടുത്ത സാമൂഹികവിരുദ്ധതയായും ആത്മീയത വളർന്നുവരികയാണെന്ന് സുനിൽ പി. ഇളയിടം അഭിപ്രായപ്പെട്ടു. വ്യക്തി, കുടുംബം, ദേശം, രാഷ്ട്രം തുടങ്ങി ആധ്യാത്മികത കെട്ടിപ്പടുത്ത പല സ്ഥാപനങ്ങളും ഇന്ന് പ്രതിസന്ധിയിലാണ്. വ്യക്തികളുടെ സ്വകാര്യലോകമാണ് ആത്മീയത. ആത്മീയതയുടെ വഴിയിൽതന്നെയാണ് ആൾദൈവങ്ങൾ നിലയുറപ്പിച്ചിരിക്കുന്നത്. യഥാർഥ മതപ്രവാചകന്മാരും ഇന്നത്തെ ആത്മീയാചാര്യന്മാരും തമ്മിലുള്ള അന്തരം അത്ഭുതകരമാണെന്ന് പി.എ പൗരൻ അഭിപ്രായപ്പെട്ടു. ക്രിസ്തുവിന് ഒരു സെന്റ് ഭൂമി പോലും സ്വന്തമുണ്ടായിരുന്നില്ല. യുവാക്കളുടെ തലച്ചോറ് മരവിപ്പിച്ചാണ് പുതിയ അവതാരങ്ങൾ വളർന്നുവരുന്നത്. ആൾദൈവങ്ങൾ ദുരിതങ്ങൾക്ക് സേവനപ്രവർത്തനങ്ങൾ ചെയ്യാൻ മത്സരത്തിലാണ്. എന്നാൽ അവർ ഒരിക്കലും ദുരിതമുണ്ടാക്കുന്ന കാരണങ്ങളെ കണ്ടെത്താറില്ല.

ആത്മീയതയിൽ പ്രവാചകധാരയും അതിനെ ദുരുപയോഗം ചെയ്യുന്ന പുരോഹിതധാരയുമുണ്ടെന്ന് ശൈഖ് മുഹമ്മദ് കാരകുന്ന് പറഞ്ഞു. വ്യക്തിജീവിതത്തെ വിശുദ്ധമാക്കിയും ശിഥിലമായ കുടുംബഘടനയെ ഭദ്രമാക്കിയും മനുഷ്യനെ അശാന്തിയിൽനിന്ന് മോചിപ്പിക്കുകയാണ് പ്രവാചകമതം ചെയ്തത്. എന്നാൽ പുരോഹിതമതം എല്ലാറ്റിനെയും കച്ചവടവത്കരിക്കുകയാണ്. നീതിയെ മുറുകെപ്പിടിക്കുകയാണ് ആത്മീയസാക്ഷാത്കാരത്തിനുള്ള പ്രധാന വഴിയെന്ന് ടി.പി മുഹമ്മദ് ശമീം അഭിപ്രായപ്പെട്ടു. നീതിക്കു വേണ്ടി നിലകൊള്ളുകയും ദൈവത്തിന് സാക്ഷിയാവുകയും ചെയ്യുകയാണ് യഥാർഥ മതവിശ്വാസികളുടെ ധർമം. മനുഷ്യസ്നേഹമാണ് ദൈവസാമീപ്യത്തിലേക്കുള്ള കവാടം. ഒ. അബ്ദുർറഹ്മാൻ ചർച്ച ഉപസംഹരിച്ചു. കെ.ടി ഹുസൈൻ സ്വാഗതം പറഞ്ഞു. ■